പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.80

10-12-2012-ൽ മറുപടി നൽകേണ്ടതിന്

# എൻഡോസൾഫാൻ ദുരിതാശ്വാസം

ചോദ്യം

ശ്രീ.സി . ദിവാകരൻ
ശ്രീ.ഇ.കെ.വിജയൻ
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.ജി.എസ്.ജയലാൽ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ | എൻഡോസൾഫാൻ ദുരിതാശ്വാസം, റേഷൻ സബ്സിഡി വിതരണം തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയങ്ങളെ സംബന്ധിച്ച് ഇതുവരെ എത്ര നിവേദനങ്ങൾ ലഭിച്ചു; | എ | നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കാസറഗോഡ് ജില്ലാ കാര്യാലയത്തിൽ പ്രവർത്തിച്ച് വരുന്ന സ്പെഷ്യൽ സെൽ ഫോർ റീഹാബിലിറ്റേഷൻ ഓഫ് എൻഡോസൾഫാൻ വിക്ടിംസിൽ ഇതുവരെയായി 1456 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നു |
| ബി | പ്രസ്തുത നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | ബി | ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കണമെന്ന് ലഭിക്കുന്ന അപേക്ഷകൾ തുടർ നടപടിക്കായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) നൽകി വരുന്നുണ്ട്. സൗജന്യ റേഷൻ സംബന്ധിച്ച അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസർക്കും നടപടികൾക്കായി നൽകുന്നുണ്ട്. പ്രതിമാസം ചേരുന്ന എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് & റെമഡിയേഷൻ സെൽ ഇത്തരം കാര്യങ്ങൾ അവലോകനം ചെയ്യാറുണ്ട്. പെൻഷൻ, ചികിത്സാ സഹായം തുടങ്ങിയ ആവശ്യങ്ങൾ അടങ്ങിയ നിവേദനങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി | പ്രസ്തുത നിവേദനങ്ങളിലെ ആവശ്യങ്ങൾ പരിഹരിക്കാതെ നിൽക്കെ ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് ഉത്തരവുകൾ ഇറക്കിയത്; അവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കുമോ? | സി | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 26.05.2012 ലെ സ.ഉ. (എം.എസ്.) നം. 147/2012/ആ.കു.വ. പ്രകാരം പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മാനസിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും സഹായമായി നൽകുവാൻ ഉത്തരവായിട്ടുണ്ട്. തുടർന്ന് 28.08.2012 ലെ സ.ഉ. (എം.എസ്.) നം.193/12/ ആ.കു.വ. പ്രകാരം എൻഡോസൾഫാൻ മൂലം മരിച്ചവരുടെ |

| | | | |
|---|---|---|---|
| | | | ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു. 06.11.2012 ലെ സ.ഉ. (എം.എസ്) നം. 373/12/ ആ.കു.വ. അനുസരിച്ച് എൻഡോസൾഫാൻ തളിച്ചു തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുവാനും ഉത്തരവായിട്ടുണ്ട്. ടി പ്രസ്താവിച്ച ഉത്തരവുകൾ ഒന്നും തന്നെ റദ്ദാക്കിയിട്ടില്ല. 26.03.2012 തീയതിലെ ജി.ഒ.(എംഎസ്)നം.113/12 ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 12.01.2012 ലെ ജി.ഒ.(എം.എസ്) നം.7/12/ആ.കു.വ. നമ്പർ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ